I.ഇ.ബി.XIII –കേരള നിയമസഭ/X—14

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഫെബ്രുവരി 03, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിലിന്റെ നിരാഹാരം**

മി. സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികളിൽ പ്രതിഷേധിച്ച് 2014 ജനുവരി 30 മുതൽ സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിവരുന്ന വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ ജീവൻ അപകടാവസ്ഥയിലായിരിക്കുന്നതിനാലും മുഖ്യമന്ത്രി നൽകിയ ഉറപ്പ് അനുസരിച്ചുള്ള ചർച്ചയ്ക്ക് തയ്യാറാകാത്തതിനാലും വിഴിഞ്ഞം പ്രദേശത്തെയും ജില്ലയിലെയും ജനങ്ങളാകെ ആശങ്കയിലും

പ്രക്ഷുബ്ധാവുമായിരിക്കുന്നതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ജമീലാ പ്രകാശം, സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽ കുമാര്, കോവൂർ കുഞ്ഞുമോന്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ജനങ്ങൾക്ക് ആശങ്കയുണ്ടാകുന്ന തരത്തിലുള്ള ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമമാണ് നടക്കുന്നത്. തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് നിരാഹാര സമരം നടത്തുന്നത്. ഇതിന്റെ പേരിൽ തിരുവനന്തപുരത്ത് പ്രക്ഷുബ്ധാവസ്ഥ നിലനിൽക്കുന്നതായി അറിഞ്ഞിട്ടില്ല. ടെണ്ടർ ഘട്ടത്തിൽ ഇങ്ങനെയുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നത് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഗുണകരമാകില്ല. മുഖ്യമന്ത്രി ചർച്ചചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിൽ ചർച്ച ചെയ്തിരിക്കും. അതുകൊണ്ട് എം.എല്.എ. ഉൾപ്പെടെയുള്ള ആളുകൾ ഇടപെട്ട് സമരം അവസാനിപ്പിക്കണം.

ശ്രീമതി ജമീലാ പ്രകാശം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള ആശങ്ക വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ കൗൺസിൽ പ്രതിനിധികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചപ്പോൾ ബന്ധപ്പെട്ട മന്ത്രിയുടെയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്താമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും നാളിതുവരെ യോഗം നടത്താത്ത പശ്ചാത്തലത്തിലാണ് ആക്ഷൻ കൗൺസിൽ പ്രതിനിധികൾ സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിവരുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി 'വിസില്' എന്ന പേരിൽ അറിയപ്പെടുന്ന സ്ഥാപനത്തിന് എല്.ഡി.എഫ്. സർക്കാർ രൂപം കൊടുത്തിരുന്നു. പ്രസ്തുത പദ്ധതി പി.പി.പി. മോഡലിൽ റീ സ്ട്രക്ച്ചർ ചെയ്യുവാൻ മുഖ്യമന്ത്രി കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് മുൻപുതന്നെ ആവശ്യപ്പെട്ടിരുന്നതാണ്. ഇതിലൂടെ തുറമുഖ നിർമ്മാണത്തിൽ ഇതുവരെ സ്വീകരിച്ചുവന്നിരുന്ന സമീപനം ദുരൂഹമായ രീതിയിൽ അട്ടിമറിക്കപ്പെട്ടിരിക്കുന്നു എന്ന് ആശങ്കയുണ്ടായിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള നാലായിരം കോടി രൂപയുടെ പദ്ധതി ആരാണ് തയ്യാറാക്കുന്നതെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച

കൂടിയാലോചനകളിൽ സ്ഥലം എം.എല്.എ.-യെ ഉൾപ്പെടുത്തിയിട്ടില്ല. ലാന്റ്ലോർഡ് മാതൃകയിൽനിന്നും സ്വകാര്യ പങ്കാളിത്ത മാതൃകയിലേക്ക് തുറമുഖ നിർമ്മാണ രീതി മാറ്റപ്പെട്ടിരിക്കുകയും പദ്ധതി അട്ടിമറിക്കുന്നതിനുള്ള ഗൂഢാലോചന നടക്കുകയുമാണെന്ന് സംശയിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സെൻട്രൽ എക്സ്പർട്ട് അപ്രൈസൽ കമ്മിറ്റി പഠന വിധേയമാക്കിയ ടേംസ് ഓഫ് റഫറൻസിന് 2011-ലാണ് അംഗീകാരം ലഭിച്ചത്. കാലാവധി കഴിഞ്ഞതിനെ തുടർന്ന് ട്രാൻസാക്ഷൻ അഡ്വൈസറെയും ലീഗൽ അഡ്വൈസറെയും പുതുതായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടുതൽ ശേഷിയുള്ള കപ്പലുകൾ അടുക്കുന്നതിനായി ബെർത്തിന്റെ നീളവും ചാനൽ വിഡ്തും കൂട്ടിയതിനെ തുടർന്നും ഡോളര്-രൂപ വിനിമയ നിരക്കിൽ വന്ന മാറ്റത്തെ തുടർന്നും പദ്ധതി തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കൺസ്ട്രക്ഷൻ എഗ്രിമെന്റുമായി ബന്ധപ്പെട്ടും കേന്ദ്ര ഗവൺമെന്റുമായി ഇന്ന് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോന്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**<u>ശ്രദ്ധ ക്ഷണിക്കൽ</u>**

**(1) <u>മലയാളഭാഷാ നിയമനിർമ്മാണം</u>**

<u>ശ്രീ. പാലോട് രവി</u>: മലയാള ഭാഷയുടെ വളർച്ച ഉറപ്പാക്കുന്നതിനും ഔദ്യോഗികതലത്തിലും വിദ്യാഭ്യാസതലത്തിലും കോടതി നടപടികളിലും സമ്പൂർണ്ണവും വ്യവസ്ഥാപിതവുമായ രീതിയിൽ മലയാളഭാഷാ പ്രയോഗം നടപ്പാക്കുന്നതിനും ഭരണതലത്തിലുള്ള സുതാര്യതയും അഴിമതിരഹിത ഭരണസംവിധാനവും സംജാതമാക്കുന്നതിനുംവേണ്ടി ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് മലയാള ഭാഷാ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. നിലവിൽ മലയാളത്തിൽ ഉണ്ടാക്കുന്ന നിയമങ്ങൾ കീഴ്ക്കോടതി മുതൽ ഹൈക്കോടതിവരെ ക്രയവിക്രയം നടത്തുന്നത് ഇംഗ്ലീഷ്

ഭാഷയിലാണ്. 1973-ലെ ഭേദഗതിക്കുശേഷം ഭരണഭാഷ സംബന്ധിച്ച നിയമനിർമ്മാണങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത നിലനിൽക്കുന്നു. ഭാഷാ സംബന്ധിയായ സമസ്തമേഖലകളേയും ഉൾപ്പെടുത്തി സമഗ്രമായ നിയമനിർമ്മാണം നടത്തേണ്ടത് അനിവാര്യമാണ്. എല്ലാ സർക്കാര്/എയ്ഡഡ് സ്കൂളുകളിലും ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ മലയാളം നിർബന്ധമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലയാളഭാഷാ നിയമനിർമ്മാണം നടത്താൻ സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന് ലഭിച്ച കരട് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചുവരികയാണ്. മലയാളം സർവ്വകലാശാല രൂപീകരണം, മലയാളം ഒന്നാം ഭാഷയാക്കല്, മലയാളം നിർബന്ധിത ഭാഷയാക്കൽ തുടങ്ങി മലയാള ഭാഷയുമായി ബന്ധപ്പെട്ട് നിരവധി തീരുമാനങ്ങളെടുത്തിട്ടുണ്ട്. കന്നട, തമിഴ് ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രായോഗിക സമീപനം സ്വീകരിക്കുകയും കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ പാഠ്യക്രമങ്ങളിൽ മലയാളം നിർബന്ധിത ഭാഷയായി ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പാഠ്യപദ്ധതികളിലെല്ലാംതന്നെ മലയാളം നിർബന്ധിത ഭാഷയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ തലമുറയ്ക്ക്

മലയാളഭാഷാ പ്രാവീണ്യം നൽകുന്നതിനായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും മലയാള മിഷൻ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മലയാള ഭാഷാ നിയമനിർമ്മാണം സംബന്ധിച്ച് വിദ്യാഭ്യാസം, ആഭ്യന്തരം, നിയമം, ഉന്നതവിദ്യാഭ്യാസം, പൊതുഭരണം, സാംസ്കാരികം, ഔദ്യോഗിക ഭാഷ എന്നീ വകുപ്പുകൾ ചർച്ച ചെയ്തുവരികയാണ്. കരട് ബില്ലിന് കൂടുതൽ വ്യക്തത നൽകിക്കൊണ്ട് പുതിയ ബിൽ അവതരിപ്പിക്കുന്നതാണ്.

## (2) തൊഴിൽ സുരക്ഷിതത്വവും വേതനാവകാശവും

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരും ജീവനക്കാരും രൂക്ഷമായ വേതന ചൂഷണം നേരിടുകയാണ്. സംസ്ഥാനത്ത് അംഗീകാരമുള്ളതും ഇല്ലാത്തതുമായ സ്റ്റേറ്റ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. പാഠ്യപദ്ധതികൾ അനുസരിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾ യാതൊരു നിയമത്തിന്റേയും പിൻബലമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ജോലിയിൽ പ്രവേശിക്കുന്നവർക്ക് നിയമന ഉത്തരവ് നൽകുകയോ ശമ്പള സ്കെയിൽ നിശ്ചയിക്കുകയോ ചെയ്യുന്നില്ലെന്നുമാത്രമല്ല ഇവരെ ഇ.എസ്.ഐ.-യുടെ പരിധിയിൽപ്പെടുത്തുന്നുമില്ല. സംസ്ഥാനത്ത് നാമമാത്രമായ സ്കൂളുകളിൽ മാത്രമാണ് ആശ്വാസകരമായ വേതനം

നൽകുന്നതെന്നാണ് ജസ്റ്റിസ് സുകുമാരപിള്ള കമ്മീഷൻ കണ്ടെത്തിയത്. ജോലിഭാരം കൂടുതലുള്ള അദ്ധ്യാപകർക്ക് ക്ലാസ്സുകളിൽ ഇരിക്കാനുള്ള അനുവാദമില്ല; രക്ഷിതാക്കളുടേയും കുട്ടികളുടേയും മുന്നിൽവച്ച് ഇവാല്യുവേറ്റ് ചെയ്യപ്പെടുകയും പരിതാപകരമായ അന്തരീക്ഷത്തിൽ ജോലി ചെയ്യേണ്ടി വരുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിൽ പറയുന്നത് മാന്യമായ ശമ്പളവും നിയമപരിരക്ഷയും നൽകണമെന്നാണ്. സംസ്ഥാനത്ത് സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഒരു പൊതുനിയമം ആവശ്യമാണ്. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടേയും ജീവനക്കാരുടേയും തൊഴിൽ സുരക്ഷിതത്വം, വേതനം എന്നിവ ഉറപ്പുവരുത്താനാവശ്യമായ അതോറിറ്റി രൂപീകരിക്കണം. ഗവൺമെന്റ് അഫിലിയേഷൻ കൊടുക്കുന്ന സ്കൂളുകൾക്ക് മാന്യമായ വേതനം നൽകുമെന്ന് ഉറപ്പ് വരുത്തുകയും തൊഴിൽ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ തയ്യാറാകണം. മിനിമം വേതനം ഉറപ്പുവരുത്തണം. സർക്കാർ നിർദ്ദേശങ്ങളും കോടതി വിധിയും ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമനിർമ്മാണം നടത്താനും അടിയന്തര പ്രശ്ന പരിഹാരത്തിന് അതോറിറ്റി രൂപീകരിക്കാനും

മുൻകയ്യെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ സംസ്ഥാന-കേന്ദ്ര പാഠ്യപദ്ധതികൾ അനുസരിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിലെ അധ്യാപകരും ജീവനക്കാരും അതാത് സ്കൂൾ മാനേജ്മെന്റുകളുടെ കീഴിലാണ് ജോലി ചെയ്യുന്നത്. ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ടെന്ന് മാത്രമല്ല; യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അൺ എയ്ഡഡ് മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷൻ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിന് ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാരിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസുകളും നൽകണമെന്നും ഇത് ഉറപ്പുവരുത്തുന്നതിനായി അപേക്ഷയോടൊപ്പം സത്യവാങ്മൂലം സമർപ്പിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സി.ബി.എസ്.ഇ. സ്കൂളുകളിലെ ശമ്പളഘടന അവർതന്നെ നിർണ്ണയിച്ച് നൽകേണ്ടതാണെന്നും നിശ്ചയിച്ചുനൽകുന്നതുവരെ പ്രൈമറി-മിഡിൽ സ്കൂൾ അദ്ധ്യാപകർക്ക് നിശ്ചിത നിരക്കിൽ പ്രതിമാസ ശമ്പളം നൽകണമെന്നും ഹൈക്കോടതി വിധിന്യായത്തിൽ പുറപ്പെടുവിച്ചത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സർക്കാർ നാമനിർദ്ദേശം ചെയ്ത് നൽകുന്ന സർവ്വകലാശാല വൈസ് ചാൻസലർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങിയ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. അൺ-എയ്ഡഡ് മേഖലയിൽ നിലനിൽക്കുന്നുവെന്ന് പറയപ്പെടുന്ന കടുത്ത ചൂഷണം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാരിന് അധികാരമുണ്ടായിരിക്കും.

**സബ്മിഷൻ**

## (1) <u>വിമുക്തഭടന്മാരുടെ ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണന്:</u> വിമുക്തഭടന്മാർക്ക് മറ്റ് സംസ്ഥാനങ്ങളിൽ

നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും അനുവദിച്ച ആനുകൂല്യങ്ങൾപോലും ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കുറച്ചുകൊണ്ടു വരുന്നത് സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): വിമുക്തഭടന്മാരുടെ ആവശ്യങ്ങൾ പ്രാധാന്യത്തോടെ കണക്കിലെടുക്കുകയും അവരോട് നീതി പുലർത്തുകയും ചെയ്യുന്നതാണ്. വിമുക്തഭടന്മാർക്ക് മറ്റു സംസ്ഥാനങ്ങളിൽ നൽകുന്നതു പോലുള്ള ആനുകൂല്യങ്ങൾ ഇവിടെയും നൽകും. അവരുടെ ചികിത്സയ്ക്കും ക്ഷേമപ്രവർത്തനത്തിനുംവേണ്ടി കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാർ സ്ഥലം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. വിമുക്തഭടന്മാരുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുളള നിവേദനം പ്രത്യേകമായി പരിശോധിക്കും. കുറവുണ്ടെങ്കിൽ പരിഹരിക്കും.

(2) **മുൻ രാഷ്ട്രപതിക്ക് സ്മാരകം**

ശ്രീ വി.പി. സജീന്ദ്രൻ : മുൻ രാഷ്ട്രപതി കെ.ആര്. നാരായണന് കോട്ടയത്ത് സ്മാരകം നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): മുൻരാഷ്ട്രപതി . കെ.ആർ നാരായണന്റെ പേരിൽ ജന്മനാടായ ഉഴവൂരിലുള്ള സർക്കാർ ആശുപത്രിയുടെ

വികസനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ അകലകുന്നം പഞ്ചായത്തിലെ തെക്കുംതലയിൽ കെ.ആര്‍. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽസ് സയൻസ് ആന്റ് ആർട്ട്സ് എന്ന സ്ഥാപനം അനുവദിച്ച് കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കോട്ടയത്ത് സ്മാരകം ആവശ്യമാണെന്ന് കരുതുന്നുണ്ടെങ്കിലും സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലത്ത് പ്രതിമ വയ്ക്കുന്നതിന് തടസ്സങ്ങളുള്ളതുകൊണ്ട് കോട്ടയം മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് സാധ്യതകൾ പരിശോധിക്കും.

(3) **തടവുകാരെ മർദ്ദിച്ച സംഭവം**

ശ്രീ. കെ. രാധാകൃഷ്ണന്: വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാരെ മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ചും സുപ്രീം കോടതി മാനദണ്ഡങ്ങൾക്ക് അനുസൃതമായ സംരക്ഷണം നിഷേധിക്കപ്പെട്ട സാഹചര്യത്തിലും കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ കോടതി ശിക്ഷിച്ച പ്രതികളെ വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിച്ച അവസരത്തിൽ ഉദ്യോഗസ്ഥരോട് അപമര്യാദയായി

പെരുമാറുകയും സെല്ലിൽ കയറാൻ വിസമ്മതിക്കുകയും ചെയ്തതിനെത്തുടർന്ന് നിർബന്ധപൂർവ്വം ഇവരെ സെല്ലിൽ അടച്ചു. ജയിൽ ഉദ്യോഗസ്ഥർ മർദ്ദിച്ചെന്ന് പ്രതികൾ ആരോപണമുന്നയിച്ചതിനെത്തുടർന്ന് ജയിൽ സന്ദർശിച്ച എം.എല്.എ.മാരുടേയും അഡ്വക്കേറ്റിന്റേയും ആവശ്യപ്രകാരം പ്രതികളെ രാത്രി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും വൈദ്യപരിശോധനയ്ക്കുശേഷം അന്നുതന്നെ തിരിച്ച് ജയിലിൽ എത്തിക്കുകയും ചെയ്തു. പ്രതികൾ പ്രകോപനപരമായി പെരുമാറുകയും ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും ചെയ്തത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് നൽകിയ പരാതി പ്രകാരം പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കേസന്വേഷണത്തിന്റെ ഭാഗമായി പ്രതികളുടെ മൊഴികൾ രേഖപ്പെടുത്തി ആവശ്യമായ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

### (4) <u>കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. പി. എ. മാധവന്</u>: ഗുരുവായൂർ ക്ഷേത്രത്തിലെ സുരക്ഷയുടെ ഭാഗമായി ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സേനാംഗങ്ങളെ നിയോഗിക്കുന്നതിനും കണ്ടാണശ്ശേരി പോലീസ് സ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>):

ഗുരുവായൂർ ക്ഷേത്രത്തിന്റേയും ഭക്തരുടേയും സുരക്ഷയ്ക്കുവേണ്ടി ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ പുനർവിന്യാസം നടത്തി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെമ്പിൾ പോലീസ് സ്റ്റേഷൻ നിലവിൽ വരുന്നതോടെ ഗുരുവായൂർ പോലീസ് സ്റ്റേഷൻ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(5) **ഉപ്പള ഫയർ സ്റ്റേഷൻ**

ശ്രീ. പി. ബി. അബ്ദുൾ റസാക്: ഉപ്പള ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഉപ്പള ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷം വൻകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ നാല് കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞതിനാൽ ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടം പണിയുന്നതിനും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അടുത്ത സാമ്പത്തിക

വർഷാരംഭത്തിൽ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയർ ഫോഴ്സിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യുടെ ശുപാർശ പ്രകാരം ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതാണ്.

(6) **പത്രപ്രവർത്തകനു നേരെയുണ്ടായ വധശ്രമം**

ശ്രീ. ബി. സത്യന്: മംഗളം പത്രപ്രവർത്തകനായ ശ്രീ. എസ്. രാജനുനേരെയുണ്ടായ വധശ്രമം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്താനും ശ്രീ. രാജന് ആവശ്യമായ ചികിത്സാ സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ കിളിമാനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർചെയ്ത് അന്വേഷിച്ചുവരുന്നു. അന്വേഷണത്തിൽ ഫലപ്രദമായ പുരോഗതിയില്ലെങ്കിൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തുന്നതിനെക്കുറിച്ച് അലോചിക്കുന്നതാണ്.

(7) **ദിലീപ് കുമാറിന്റെ മരണം**

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജക മണ്ഡലത്തിലെ തുറവൂർ പഞ്ചായത്ത് - പൂങ്കാവ് ജംഗ്ഷനിൽ വച്ച് ചിട്ടിക്കമ്പനിയുടമ ദിലീപ് കുമാർ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രസ്തുത സംഭവം സംബന്ധിച്ച് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്നതാണ്.

(8) **കാഴ്ചശക്തിയില്ലാത്ത പെൺകുട്ടിയെ പീഡിപ്പിച്ചതു സംബന്ധിച്ച്**

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരത്ത് പട്ടാപ്പകൽ ഓട്ടോറിക്ഷാ ഡ്രൈവറുടെ പീഡനത്തിനിരയായ അനാഥയും അന്ധയുമായ പെൺകുട്ടിക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വക്കം സ്വദേശിനിയായ ഭാഗികമായി കാഴ്ചശക്തിയില്ലാത്ത പ്ലസ് ടു വിദ്യാർത്ഥിനി 31-1-2014-ന് തിരുവനന്തപുരത്ത് വച്ച് പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച് പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പ്രതിയേയും അയാൾ ഓടിച്ചിരുന്ന ഓട്ടോറിക്ഷയും കസ്റ്റഡിയിലെടുക്കുകയും 1-2-2014-ന് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. പെൺകുട്ടിക്ക് ആവശ്യമായ സാമ്പത്തിക സഹായം

നൽകുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(9) **വിത്തുതേങ്ങയുടെ വിലനിർണ്ണയം**

ശ്രീ. ഇ.കെ. വിജയൻ : വിത്തുതേങ്ങയുടെ വില 30 രൂപയായി നിർണ്ണയിച്ച് അവ സംഭരിക്കാനും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നല്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): വിത്തുതേങ്ങയുടെ വില നിശ്ചയിക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി കോഴിക്കോട് ചേർന്ന ബന്ധപ്പെട്ടവരുടെ യോഗത്തിൽ ഡബ്ല്യൂ.സി.റ്റി. ഇനത്തിൽപ്പെട്ട എലൈറ്റ് കുറിയ ഇനം വിത്തുതേങ്ങയുടെ സംഭരണ വില 28 രൂപയായും സങ്കരയിനം വിത്തുതേങ്ങയ്ക്ക് 32 രൂപയായും കണക്കാക്കിയിട്ടുണ്ട്. ഈ വിഷയം വിശദമായി പഠിച്ച് അപാകതകൾ ഒഴിവാക്കി വിത്തുതേങ്ങയുടെ വില നിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നാദാപുരം മേഖലയിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സംബന്ധിച്ച അപകാതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും.

(10) **ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കൽ**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : താമരശ്ശേരി കാരാടിയിൽ ആരംഭിച്ചിട്ടുള്ള ബാർ ഹോട്ടൽ ജനസാന്ദ്രതയുള്ള പ്രസ്തുത സ്ഥലത്തുനിന്ന് മാറ്റിസ്ഥാപിക്കാൻ

നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന വയനാട് റീജൻസി എന്ന ഹോട്ടലിന് എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് 2009-ൽ ലൈസൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത ബാർ ഹോട്ടൽ നിയമവിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. അവിടത്തെ ക്രമസമാധാന പ്രശ്നങ്ങൾ പോലീസാണ് കൈകാര്യം ചെയ്യേണ്ടത്. പ്രദേശവാസികളുടെ സമരത്തിനെതിരായി ലൈസൻസി ഹൈക്കോടതിയെ സമീപിക്കുകയും പോലീസ് പ്രൊട്ടക്ഷനുള്ള ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

(11) **പാലങ്ങളുടെ പുനർനിർമ്മാണം**

ശ്രീ. എം. ഹംസ: പാലക്കാട് ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങൾ പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട് - ഷൊർണ്ണൂർ റോഡിലുള്ള കണ്ണിയംപുറം പാലത്തിന്റെയും ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെയും വീതിക്കുറവുമൂലം ഗതാഗത തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയും ഫണ്ടും

നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

(12) <u>ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം</u>

<u>ഡോ. കെ. ടി. ജലീൽ:</u> വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കോമ്പൻസേഷൻ, റീഹാബിലിറ്റേഷൻ, അക്വിസിഷൻ എന്ന രീതിയാണ് കേന്ദ്ര ഗവൺമെന്റ് പിന്തുടരുന്നതെങ്കിലും സംസ്ഥാന സർക്കാർ അക്വിസിഷൻ നടപടികളിലേയ്ക്കാണ് ആദ്യം കടക്കുന്നത്. അതിനാൽ കോമ്പൻസേഷൻ സംബന്ധിച്ച കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കലിന് നേതൃത്വം നൽകുന്ന കളക്ടർമാർ അവ സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുന്നതിനും ഏറ്റെടുക്കാൻ പോകുന്ന ഭൂമിക്ക് നൽകാൻ ഉദ്ദേശിക്കുന്ന തുക ജനങ്ങളെ അറിയിക്കുന്നതിനും നഷ്ടപരിഹാരത്തുക മുൻകൂട്ടി നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): കേന്ദ്ര ഗവൺമെന്റ് 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്. 2014 ജനുവരി 1-ന് പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിയമം അനുസരിച്ച് ഒരു വർഷത്തിനുള്ളിൽ നാഷണൽ ഹൈവേയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന് പ്രത്യേകം നോട്ടിഫിക്കേഷൻ കൊണ്ടുവരേണ്ടതുണ്ട്. പുതിയ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കലിന് മെച്ചപ്പെട്ട

വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലപ്പുറത്ത് ഇപ്പോഴുള്ള പ്രശ്നത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

## (13) കുടിവെള്ള ക്ഷാമം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലെ മാത്തൂർ-പിരായിരി കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പാലക്കാട് ജില്ലയിലെ മാത്തൂര്, പിരായിരി എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിനായി വാട്ടർ അതോറിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. ജലശുദ്ധീകരണശാലയ്ക്ക് കുറഞ്ഞത് അൻപത് സെന്റ് സ്ഥലവും വാട്ടർ ടാങ്കുകൾക്ക് കുറഞ്ഞത് പത്ത് സെന്റ് സ്ഥലവും ആവശ്യമാണ്. പഞ്ചായത്തുകൾ സ്ഥലം നിർണ്ണയിച്ച്തരുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റേയോ മറ്റ് ഏജൻസികളുടെയോ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണാടിപ്പുഴയുടെ തീരത്തുള്ള മൊഴിപുറം ചെക്ക്ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നകാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (14) വിവാഹ ധൂർത്തിന് നിരോധനം

ശ്രീ. സി. പി. മുഹമ്മദ്: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിവാഹധൂർത്ത്

നിയമംമൂലം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി (ഡോ: എം.കെ. മുനീര്): വിവാഹത്തിന്റെ ആർഭാടങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമം ഇന്ത്യയിൽ അനിവാര്യമാണ്. ആർഭാട വിവാഹങ്ങളും അതിനോടനുബന്ധിച്ച ധൂർത്തും നിയന്ത്രിക്കേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച് ശക്തമായ ബോധവൽക്കരണം നൽകുന്നതിലേക്കായി സാമൂഹ്യനീതി ഡയറക്ടര്, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി മുതലായവർ പ്രോഗ്രാം തയ്യാറാക്കുകയും ഒരു ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തു. അവരുടെ റിപ്പോർട്ടിലും ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ച് പറയുന്നുണ്ട്. നിയമനിർമ്മാണത്തിലേക്ക് കടക്കുന്നതിനുമുമ്പ് രാഷ്ട്രീയകക്ഷികളുടെയും മറ്റും ഒരു യോഗം വിളിച്ച് ഇതിനുവേണ്ടി ഒരുമിച്ച് പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ്.

## (15) സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. വർക്കല കഹാര്: വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി.- യിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി.

യിൽ നാല് ഡോക്ടർമാർ ഉൾപ്പെടെ ഇരുപത് ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഇവിടത്തെ കിടത്തി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്ഥലം എം.എല്.എ.-യുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടന്ന യോഗ തീരുമാനം അനുസരിച്ച് സ്ഥലസൗകര്യം പരിശോധിക്കുകയും എം.എല്.എ. ഫണ്ടിൽ നിന്നും ഒരുകോടി രൂപ ചെലവഴിച്ച് ഇരുപത് കിടക്കകളുള്ള പുതിയ വാർഡ് നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും സർക്കാരിന് ലഭ്യമാകുകയും അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ആശുപത്രി വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (16) <u>ക്ഷേത്രകലാ അക്കാദമി</u>

<u>ശ്രീ. റ്റി.വി. രാജേഷ്</u>: കല്യാശ്ശേരി മണ്ഡലത്തിലെ മാടായി തിരുവർക്കാട്ട് കാവിൽ അനുവദിച്ച ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): കല്യാശ്ശേരി മണ്ഡലത്തിലെ മാടായി തിരുവർക്കാട്ട് കാവിൽ ക്ഷേത്രകലാ അക്കാദമി ആരംഭിക്കുന്നതിന് അൻപത് ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയതിന് ടോക്കൺ പ്രോവിഷൻ ഉൾപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്കും കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ഭരണസമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഈ ആഴ്ചതന്നെ പുറപ്പെടുവിക്കുന്നതും മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകളും ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകളും മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ദുർബ്ബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

ശ്രീ. കെ.വി. വിജയദാസ്: 2013 ജൂലായ് എട്ടാം തീയതിയിലെ ജി.ഒ.

(എം.എസ്) നമ്പർ 247/2013/എല്.എസ്.ജി.ഡി. (എസ്.ആര്.ഒ. നമ്പർ 542/2013) മുഖേന പുറപ്പെടുവിച്ച 2013-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി വരുത്തുന്നതിലൂടെ റോഡിനേക്കാൾ താഴ്ന്ന നിരപ്പിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ നിയമാനുസൃതം അനുവദിച്ചതിലും കൂടുതൽ ഉയരത്തിൽ പണിയാനും ഒരു നിലകൂടി കൂട്ടിച്ചേർക്കാനും സാധിക്കും. ഇത് പൊതുതാൽപര്യത്തിന് വിരുദ്ധമായതിനാലും കെട്ടിടനിർമ്മാതാക്കളുടെ താൽപര്യം സംരക്ഷിക്കുന്നതായതിനാലും ഈ ഭേദഗതി ഗവൺമെന്റ് ഉപേക്ഷിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): കെട്ടിടത്തിന്റെ ഉയരം അഗ്നിശമന സൗകര്യങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതായതിനാൽ സമീപമുള്ള റോഡിൽനിന്നും ഉയരം കണക്കാക്കുന്നതാണ് യുക്തി. അതിനാൽ ഭേദഗതി സ്വീകരിക്കാൻ കഴിയില്ല.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച ഭേദഗതി 43-നെതിരെ 58 വോട്ടുകൾക്ക് സഭ നിരാകരിച്ചു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: എസ്.ആര്.ഒ. നം. 80/2013 -നെ സംബന്ധിച്ച രണ്ടാം ഭേദഗതി അവതരിപ്പിക്കുന്നു. എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റദ്ദാക്കിയ 2013-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി)

ചട്ടത്തിൽ പുതുതായി ചേർക്കുന്ന റൂൾ 3 (സി) പ്രകാരം സർക്കാരിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ സാധിക്കും. അതിനാൽ സർക്കാർ കൊണ്ടുവന്ന ഭേദഗതി നിയമവിരുദ്ധമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : പൊതു ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് പണത്തിന് പകരം ചട്ടങ്ങളിൽ സൗജന്യമനുവദിച്ചുകൊണ്ടുവന്നിട്ടുള്ള ഭേദഗതി യാണ്. അംഗത്തിന്റെ ഭേദഗതി സ്വീകരിക്കുന്നില്ല.

ഭേദഗതി സഭ നിരാകരിച്ചു.

## 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച അനുമതിക്കുവേണ്ടിയുള്ള പ്രമേയം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : "കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 (എ) പ്രകാരം 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ (ബിൽ നമ്പർ 208) പിൻവലിക്കണ"മെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പിൻവലിച്ചു.

## ധനകാര്യം

## വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു."

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്), എം. ചന്ദ്രന്, ബാബു.എം. പാലിശ്ശേരി, കെ. രാധാകൃഷ്ണന്, ആര്. രാജേഷ്, എസ്. രാജേന്ദ്രന്, രാജു എബ്രഹാം, എ. പ്രദീപ് കുമാര്, കെ. വി. അബ്ദുൾ ഖാദര്, ഡോ. ടി.എം. തോമസ് ഐസക്, ശ്രീമതി കെ. കെ. ലതിക എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽനിന്നും സർക്കാർ പിൻമാറുകയും ചെയ്യണം. തമിഴ് സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിനായി അദ്ധ്യാപകരെ നിയമിക്കുന്നതിനും കർഷകർക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കണം. പി.എസ്.സി. നിയമനത്തിന് മലയാളഭാഷ നിർബന്ധമാക്കിയ നടപടിയിൽ ഇളവ് അനുവദിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പിന്നോക്ക വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. വൈദ്യുതി കണക്ഷൻ നൽകുന്നതിന്റെ പേരിൽ അമിതമായി പണം വാങ്ങുന്നതിനെതിരെയും മുൻ എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച ഇടമലക്കുടി പഞ്ചായത്ത് പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടയം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും തമിഴ് ന്യൂനപക്ഷങ്ങൾക്ക് സ്ഥിരമായി ലഭിക്കത്തക്ക രീതിയിൽ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണം.

ശ്രീ. കെ. മുരളീധരൻ : വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. വിവിധ മേഖലകളിൽ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയ ബഡ്ജറ്റിൽ തലസ്ഥാന നഗരത്തെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മാറിമാറി വരുന്ന സർക്കാരുകൾ സഹായം അനുവദിക്കാറുണ്ടെങ്കിലും അതിൽനിന്നും പലപ്പോഴും തലസ്ഥാന നഗരത്തിന്

മതിയായ പരിഗണന നൽകാറില്ലെന്നതാണ് യാഥാർത്ഥ്യം. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിന് ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. അരുവിക്കര-പേരൂർക്കട പൈപ്പ് ലൈൻ പൂർത്തീകരിച്ച് തിരുവനന്തപുരത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനും മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. പകർച്ചവ്യാധികൾ തടയുന്നതിനും കുളങ്ങൾ നവീകരിക്കുന്നതിനും മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ബഡ്ജറ്റിൽ വിവിധ സാമൂഹികപരിഷ്കർത്തകളുടെ സ്മാരകങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചട്ടമ്പിസ്വാമി സ്മാരകത്തിന് തുക വകയിരുത്താത്തത് ഖേദകരമാണ്. തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് അത് ഇല്ലാതാക്കി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കണം. തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനാവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കണം. ടി.പി. ചന്ദ്രശേഖരൻ വധം സംബന്ധിച്ച് സി.ബി. ഐ. അന്വേഷണം നടത്തി യഥാർത്ഥ കുറ്റക്കാരെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. തിലോത്തമന്:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ബഡ്ജറ്റിൽ ആലപ്പുഴ ജില്ലയെ തീർത്തും അവഗണിച്ചിരിക്കുന്നത് പ്രതിഷേ

ധാർഹമാണ്. തകർച്ചയിലെത്തിയിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മയും വിലക്കയറ്റവുംമൂലം ജനജീവിതം ദു:സ്സഹമായിത്തീർന്നു. വെള്ളപ്പൊക്കക്കെടുതിയിൽനിന്ന് സ്ഥായിയായി കുട്ടനാടിനെ രക്ഷിക്കാനുള്ള ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളാനുള്ള പദ്ധതി ആവിഷ്ക്കരിക്കാത്തതും പ്രതിഷേധാർഹമാണ്. കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്.

ശ്രീ. കെ. എന്. എ. ഖാദർ : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനും കാലഘട്ടത്തിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പരിശ്രമിച്ച ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനരംഗത്ത് സന്തുലിതമായ വികാസം കൈവരുത്തുന്നതിനുള്ള പരിശ്രമം അത്യന്താപേക്ഷിതമാണ്. മലബാർ മേഖലയിലെ വിവിധ മേഖലകളുടെ വികസനത്തിന് അർഹമായ പരിഗണന നൽകണം. മലപ്പുറം ജില്ല സ്ഥിതിചെയ്യുന്ന ഭൂപ്രദേശത്ത് ഒരു പുതിയ ജില്ലകൂടി രൂപീകരിക്കണം. പുതിയ താലൂക്കുകളും വില്ലേജുകളും ശാസ്ത്രീയ

പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കാനും അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്താനും അടിയന്തര നടപടിയുണ്ടാകണം. ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാനും ദേശീയോത്ഗ്രഥന മൂല്യങ്ങൾ വളർത്തിയെടുക്കാനും കഴിയണം. കേന്ദ്രത്തിൽനിന്നും അർഹതപ്പെട്ട വിഹിതം നേടിയെടുക്കുന്നതിനായി കേരളം ഒറ്റക്കെട്ടായി നിൽക്കണം. മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വികസനം എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. മലബാറിൽ സെക്രട്ടേറിയറ്റിന്റെ അനക്സ് സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. മാത്യു റ്റി. തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലെ പ്രധാന പ്രഖ്യാപനങ്ങളൊന്നും പ്രാവർത്തികമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല ആകെ കമ്മിയോ നികുതി പിരിവിലെ വളർച്ചാ നിരക്കോ കണക്കാക്കാനും കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക നൽകാൻ കഴിഞ്ഞിട്ടില്ല എന്നത് പ്രതിഷേധാർഹമാണ്. കേന്ദ്ര പദ്ധതി വിഹിതവും സംസ്ഥാന ബഡ്ജറ്റ് വിഹിതവും ചെലവഴിക്കുന്ന കാര്യത്തിൽ കൃഷി വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. കാർഷിക നയം രൂപീകരിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ ശുപാർശകൾ വ്യക്തമാക്കണം. കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് അർഹമായ നഷ്ടപരിഹാരം

നൽകാനോ യഥാസമയം പ്രതിരോധ നടപടികൾ സ്വീകരിക്കാനോ കഴിഞ്ഞില്ല. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ബഡ്ജറ്റിലില്ല. സർവ്വീസിതര ചെലവുകൾക്ക് സർവ്വീസിതര വരുമാനമുണ്ടാക്കണം എന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആശയമാണ് കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കണമെന്ന ബൃഹത് പദ്ധതിക്ക് രൂപം നൽകിയത്. മാലിന്യ സംസ്കരണത്തിന് ഫലവത്തായ പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ക്രമസമാധാന രംഗത്തും അനിശ്ചിതത്വം നിലനിൽക്കുകയാണ്. കെടുകാര്യസ്ഥതയും അഴിമതിയും നിഷ്ക്രിയത്വവുമാണ് ഈ ഭരണത്തിൻ കീഴിൽ നടക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. കെ.എം.എം.എല്.-നിന്നും പുറന്തള്ളുന്ന ഓക്സൈഡ് കെട്ടിക്കിടക്കുന്ന ടാങ്കിന്റെ ചോർച്ചമൂലമുള്ള, പന്മന പഞ്ചായത്തിലെ നാല് വാർഡുകളിലെ ജനങ്ങളുടെ ദുരിതാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പ്രസ്തുത പ്രദേശങ്ങളിലെ കൃഷി നശിക്കുകയും ജനങ്ങൾ കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ പിടിയിലുമാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കാനും രോഗം ബാധിച്ച ആളുകൾക്ക് സംരക്ഷണവും സൗജന്യ ചികിത്സയും സാമ്പത്തിക സഹായവും നൽകാനും പ്രസ്തുത സ്ഥലം ഏറ്റെടുക്കാനും അവിടെ ഒരു കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകാനും നടപടി സ്വീകരിക്കണം.

ടി.പി. വധക്കേസ്സിലെ കുറ്റവാളികളെ സംരക്ഷിക്കാനുള്ള നടപടികളിൽ നിന്നും കമ്മ്യൂണിസ്റ്റ് പാർട്ടി പിന്മാറണം.

ശ്രീ. എ. കെ. ശശീന്ദ്രന്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള ഫലപ്രദമായ നീക്കങ്ങളോ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോഴുള്ള അധിക ബാധ്യത പരിഹരിക്കുന്നതിനോ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനുള്ള  സമഗ്ര പദ്ധതിയോ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നില്ല.   സ്കൂൾ യൂണിഫോം യഥാസമയം വിതരണം ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം, ദേശീയ പാത, ബൈപ്പാസുകൾ തുടങ്ങിയവയുടെ നിർമ്മാണങ്ങൾക്കാവശ്യമായ തുക വകയിരുത്തിയിട്ടില്ല. പ്രശസ്ത സാഹിത്യകാരൻ ഉറൂബിന്റെ  സ്മാരക നിർമ്മാണത്തിനോ മൊയ്തു മൗലവി സാഹിബ് സ്മാരക മന്ദിരത്തിന്റെ പ്രവർത്തനത്തിനോ തുക അനുവദിക്കാതെ സാംസ്കാരിക പ്രവർത്തകരോടും സ്വാതന്ത്ര്യ സമര സേനാനികളോടും അവഗണനയും അനാദരവും  കാണിക്കുന്ന സർക്കാരിന്റെ നിലപാട് ശരിയല്ല.

ശ്രീ. കെ. വി. വിജയദാസ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കർഷകരേയും തൊഴിലാളികളേയും നിരാശപ്പെടുത്തിയ ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ കടബാധ്യത വർദ്ധിക്കുകയും ധനസ്ഥിതി  ദുർബലമായ നിലയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നതുമൂലം എം.എല്.എ. ഫണ്ട്,

ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾ നടക്കുന്നില്ല. കേന്ദ്ര സർക്കാർ റേഷൻ വിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിച്ചെടുക്കാനോ നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ നൽകുന്ന സബ്സിഡി അപര്യാപ്തമായതു കാരണം വിലനിലവാരം പിടിച്ചുനിർത്താൻ സാധിക്കുന്നില്ല. പെട്രോള്-ഡീസൽ വില വർദ്ധിപ്പിക്കുമ്പോൾ വാറ്റ് ഒഴിവാക്കിക്കൊടുക്കുക മാത്രമാണ് പ്രതിവിധിയായി സർക്കാർ ചെയ്യുന്നത്. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ യാതൊരു പദ്ധതികളും ഈ ബഡ്ജറ്റിൽ ഇല്ല. കാർഷികോല്പന്നങ്ങൾക്ക് വില കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാർക്കറ്റിൽ ഇടപെട്ട് കർഷകരെ സഹായിക്കുന്നതിനുപകരം അവരെ ആത്മഹത്യയിലേക്ക് നയിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാനാകാതെ ജനകീയാസൂത്രണ പദ്ധതികൾ അവതാളത്തിലായിരിക്കുകയാണ്.

<u>ശ്രീ. ജോസഫ് വാഴക്കന്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. രണ്ട് ഹെക്ടർവരെ ഭൂമിയുള്ള കർഷകർക്ക് ഇൻകം ഗ്യാരന്റി, ഇരുപത്തിയഞ്ച് പ്രധാന വിളകൾക്ക് ഇൻഷ്വറൻസ്, കർഷകർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ്, കർഷകർക്ക് അഗ്രി-

കാർഡ് ഏർപ്പെടുത്തല്, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പാവപ്പെട്ട പെൺകുട്ടികൾക്ക് സൗജന്യ ലാപ്ടോപ് വിതരണം തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളിൽ ഫാസ്റ്റ് ട്രാക് സംവിധാനം ഏർപ്പെടുത്തണം. പുതിയ ലാന്റ് അക്വിസിഷൻ നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നതുമൂലം ഓൺ ഗോയിംഗ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വന്നിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജനസംഖ്യാടിസ്ഥാനത്തിൽ ജില്ലാ രൂപീകരണത്തിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കുന്നതിനും മൂവാറ്റുപുഴ കേന്ദ്രമാക്കി ജില്ല രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കൊല്ലം ജില്ലയെ പൂർണ്ണമായി അവഗണിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കൊട്ടാരക്കരയിൽ അനുവദിച്ച സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനും കൊട്ടാരക്കര-പുലമൺ റിംഗ് റോഡിനും പണം അനുവദിച്ചിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി വിപണിയിലിടപെടുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വിലക്കയറ്റംമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. സ്ത്രീകൾക്കും

കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളില്ല. കൃഷിക്ക് വെള്ളം ലഭിക്കുന്നില്ല. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഫലവത്താകുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ യാതൊരു നടപടികളുമില്ല. പ്രവാസികളുടെ പുനരധിവാസ പാക്കേജിനുള്ള തുക അപര്യാപ്തമാണ്. രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമല്ല. ആധാരങ്ങൾ കൈപ്പടയിൽത്തന്നെ എഴുതി സൂക്ഷിക്കുന്നത് ക്രമക്കേടുകൾ കുറയ്ക്കുന്നതിന് സഹായകരമാകും. വിഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കണം.

ശ്രീ. വി. എസ്. സുനിൽകുമാർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കോർപ്പറേറ്റ് പ്രീണന നയമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. വിലക്കയറ്റത്തെ നേരിടുന്നതിന് ഒരു നടപടിയുമില്ല. ബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. നികുതി പിരിവിൽ സർക്കാർ പരാജയപ്പെട്ടു. ആയുർവ്വേദ സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾക്ക് നികുതി കുറച്ചതിലൂടെ കോടിക്കണക്കിന് രൂപയുടെ വരുമാനം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. നികുതി പിരിവിന്റെ കാര്യത്തിലുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ച സർക്കാരിന്റെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിച്ചു. കാർഷിക മേഖലയെ തകർച്ചയിൽനിന്നും

പുനരുദ്ധരിക്കുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു നടപടിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതിയും പ്രഖ്യാപിക്കാത്തത് ഖേദകരമാണ്. കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിട്ടിയുടെയും കെടുകാര്യസ്ഥത പരിഹരിക്കുന്നതിന് ഒരു നിർദ്ദേശവും ബഡ്ജറ്റിൽ ഇല്ല. സർക്കാർ പ്രഖ്യാപിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഒരു സംവിധാനവും നിലവിലില്ല. കേരളത്തിൽ മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടിയെങ്കിലും നിലവിലുള്ള ആശുപത്രികളിൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യം കുറഞ്ഞിരിക്കുന്ന അവസ്ഥയാണുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. മരുന്നിന്റെ വില കുറയ്ക്കുന്നതിന് റീട്ടെയിൽ വ്യാപാരികളെ നിലനിർത്തിക്കൊണ്ടുതന്നെ കമ്പനികളുമായി നേരിട്ട് എഗ്രിമെന്റുണ്ടാക്കി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ മനുഷ്യ വിഭവശേഷിയുടെ ക്രിയാത്മകമായ വിനിയോഗം മുന്നിൽകണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. ലോക സാമ്പത്തിക മാന്ദ്യവും രൂപയുടെ മൂല്യത്തകർച്ചയും ഏറ്റവും കൂടുതൽ ബാധിക്കുന്ന

വിഭാഗങ്ങൾക്കാണ് ബഡ്ജറ്റിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. കർഷകർക്ക് ഇൻഷ്വറൻസ് ഗ്യാരന്റി കൊടുക്കുന്നതോടൊപ്പം മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന ബഡ്ജറ്റാണിത്. ഭൂമിയുടെ വിസ്തൃതി കുറയുന്നെങ്കിലും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഹൈടെക് കൃഷി രീതികൾക്ക് ഊന്നൽ നൽകിയത് സ്വാഗതാർഹമാണ്. 'സ്റ്റാർട്ട് അപ് വില്ലേജ്' പദ്ധതി അഭിനന്ദനാർഹമാണ്. പ്രവാസികൾക്കായി അൻപത് കോടി രൂപ നീക്കിവച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. വിദേശത്ത് ജയിലുകളിൽ ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും നഷ്ടപരിഹാരം കൊടുക്കാൻ കഴിയാതെ തടവിൽ കഴിയുന്നവരെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. പ്രൊഫഷണൽ കോളേജുകളിൽ പ്രവാസികളുടെ മക്കൾക്ക് സംവരണം നൽകിയെങ്കിലും അവർ സർക്കാർ ഫീസനുസരിച്ച് പഠിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തുന്നത് തടയുന്നതിനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം പ്രതിഷേധാർഹമാണ്. രാജ്യത്തിന്റെ അഖണ്ഡതയും മതേതരത്വവും കാത്തുസൂക്ഷിക്കാൻ മതേതര ശക്തികൾ ഒന്നിക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കാർഷികരംഗം ഉൾപ്പെടെയുള്ള വിവിധ മേഖലകളെ തകർക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലെ

വികസനപ്രവർത്തനങ്ങൾക്കുവേണ്ടി തുക നീക്കിവയ്ക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്ന് മാത്രമല്ല എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച പല വ്യവസായ സ്ഥാപനങ്ങളും ഇന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയുമാണ്. ഹൈടെക് കൃഷിരീതി ഫലപ്രദമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ ക്രമസമാധാന നില പാടെ തകർന്നിരിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം കൊടുക്കുമെന്ന പ്രഖ്യാപനം ജലരേഖയായി മാറിയിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക അപര്യാപ്തമായതിനാൽ വികസന പ്രവർത്തനങ്ങളാകെ മുരടിച്ചിരിക്കുകയാണ്. പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. എം.എല്.എ. മാരുടെ ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കണം. നിയോജക മണ്ഡലങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ആസ്തി വികസന ഫണ്ട്, എം.എല്. എ. ഫണ്ട് എന്നിവ സംബന്ധിച്ച് ബഡ്ജറ്റിൽ വ്യക്തതയില്ല.

<u>ശ്രീ. എ. എം. ആരിഫ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും സർക്കാരിന് സാധിച്ചിട്ടില്ല. വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ലെങ്കിലും ഇതിനായി തുക ഉപക്ഷേപത്തിലൂടെ ആവശ്യപ്പെട്ടിരിക്കു

കയാണ്. പവർകട്ടും ലോഡ് ഷെഡ്ഡിംഗും സംസ്ഥാനത്ത് ആവശ്യമാണെന്ന താണ് സർക്കാരിന്റെ നയം. വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ടു നടന്നിട്ടുള്ള അഴിമതിയാരോപണങ്ങൾ അന്വേഷിക്കണം. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലും തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ടുമുള്ള പ്രചരണപരിപാടികളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി. പി. മുഹമ്മദ് :</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപം പ്രതിഷേധാർഹമാണ്. അർബുദരോഗ ബോധവൽക്കരണവും രോഗനിർണ്ണയവും സംബന്ധിച്ച് സർക്കാർ എടുത്തിരിക്കുന്ന സമീപനം സ്വാഗതാർഹമാണ്. 25000-ത്തോളം പേർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഗുണഫലം ലഭ്യമാക്കാൻ സാധിച്ചു. പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ലഭിക്കുന്ന തുക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനായി 75 കോടി രൂപ നീക്കിവച്ച നടപടി ശ്ലാഘനീയമാണ്. മലയോര മേഖലയിലെ ജനജീവിതത്തോടൊപ്പം വനങ്ങളും വന്യജീവികളും സംരക്ഷിക്കപ്പെടണം. നിലമ്പൂര്-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. കുട്ടികൃഷ്ണമാരാർ സ്മാരക

നിർമ്മാണം ഒഴിവാക്കിയത് ഖേദകരമാണ്. ജില്ലകളുടെ പുന:സംഘടനയ്ക്ക് ഡീലിമിറ്റേഷൻ കമ്മീഷനെ നിയോഗിക്കണം. വള്ളുവനാട് പ്രദേശം ഒരു ജില്ലയായി പ്രഖ്യാപിക്കണം. സമൂഹത്തിലെ സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കുന്നതും എല്ലാ പ്രദേശങ്ങളോടും തുല്യനീതി പുലർത്തുന്നതുമായ വികസന പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകണം. റോഡ്, വ്യവസായ സ്ഥാപനങ്ങള്, വിദ്യാലയങ്ങള്, ആശുപത്രികൾ തുടങ്ങിയവ സ്ഥാപിക്കുമ്പോൾ അത്തരം സൗകര്യങ്ങൾ കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആസ്തി വികസന ഫണ്ട് അനുവദിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതി തടയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്തിന്റെ കടബാധ്യത ഗണ്യമായി വർദ്ധിച്ചുവരുന്നു. സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാർ ആഗോളവൽക്കരണ-സാമ്പത്തികനയം നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനങ്ങൾ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. അതിരൂക്ഷമായ വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് യാതൊരു നടപടിയും ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടായിട്ടില്ല. ദുരിതപൂർണ്ണമായ ജനജീവിതത്തെ കണ്ടില്ലെന്ന് നടിക്കുന്ന സമീപനം വിമർശനാത്മകമാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട് വിയ്യൂർ ജയിലിൽ കഴിയുന്ന പ്രതികളെ ജയിൽ ഉദ്യോഗസ്ഥർ അകാരണായി മർദ്ദിച്ച സംഭവം യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ സങ്കുചിത മനോഭാവത്തിന്റെ തെളിവാണ്. ജനാധിപത്യ അവകാശം സംരക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ സി.പി.ഐ.(എം.) പ്രതിജ്ഞാബദ്ധമാണ്. മാറാട് കലാപം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ തയ്യാറായില്ല എന്നത് ശ്രദ്ധേയമാണ്. രാജ്യത്ത് വർഗ്ഗീയ ശക്തികളെ അധികാരത്തിലേറാൻ സഹായിക്കുന്നത് കോൺഗ്രസ്സിന്റെ ഭരണ നേതൃത്വമാണ്.

ഊർജ്ജ വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: വൈദ്യുതി ബോർഡിലെ അഴിമതി സംബന്ധിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്. ഇ-ടെണ്ടർ നടന്നത് എല്.ഡി.എഫ് ഭരണകാലത്തും ടെണ്ടർ പരിശോധനയും ഓർഡറും നൽകിയത് യു.ഡി.എഫ്. ഭരണകാലത്തുമാണ്. ബോർഡിന്റെ മുൻ ചെയർമാൻ അഴിമതിക്കാരനല്ല. 29-4-2011-ൽ അന്നത്തെ ബോർഡ് ടെണ്ടർ വിളിക്കുകയും ക്വാളിഫൈ ചെയ്ത എല്.ആന്റ്.ടി.-യുമായി നെഗോഷ്യേറ്റ് ചെയ്ത് തീരുമാനത്തിലെത്തുകയും ചെയ്തു. 2009 ജൂലൈയിൽ വിളിച്ച ടെണ്ടർ പ്രകാരം കൊല്ലത്തെ മീറ്റർ കമ്പനിയും ഐ.സി.എസ്.എ. കമ്പനിയും മെറ്റീരിയൽസ് സപ്ലൈ ചെയ്യാത്തതുമൂലം 2010 മാർച്ചിന് എല്.ആന്റ്ടി.-ക്ക് നൽകിയ അതേ

റേറ്റിൽ തന്നെയാണ് പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരും നൽകിയത്. എല്.ആന്റ്.ടി. കമ്പനിയേക്കാൾ കുറഞ്ഞ നിരക്കൽ മീറ്റർ നൽകാൻ തയ്യാറായ കമ്പനിയെ ഡിസ്ക്വാളിഫൈ ചെയ്യാൻ നേരത്തെയുള്ള ടെണ്ടർ വ്യവസ്ഥകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ബോർഡിലെ ഉദ്യോഗസ്ഥർ കൃത്രിമമായി യാതൊന്നും ചെയ്തിട്ടില്ല. മീറ്റർ പിന്നേയും ആവശ്യം വന്നപ്പോൾ ബോർഡ് ഫ്രെഷ് ടെണ്ടർ വിളിക്കുകയും ക്വാളിഫൈ ചെയ്ത എല്.ആന്റ്.ടി.-ക്ക് ഓർഡർ നൽകുകയും ചെയ്തു. ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുമെന്നുള്ളതുകൊണ്ട് അനാവശ്യമായ അഴിമതി ആരോപണങ്ങൾ ഒഴിവാക്കണം. രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതിയിലൂടെ അടുത്ത ആറ് മാസത്തിനകം സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതാണ്. വീട്ടുനമ്പർ ലഭിക്കാത്ത വീടുകൾക്ക് താൽക്കാലികമായി വൈദ്യുതി നൽകാൻ മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം നടപടിയെടുത്തിട്ടുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കെ.എം.എം.എല്.-ലെ മലിനീകരണ പ്രശ്നം സംബന്ധിച്ച് പരിശോധിക്കുകയും പ്രസ്തുത സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്): കൃഷി വകുപ്പിന്റെ ഇടപെടൽമൂലം കാർഷിക മേഖലയിൽ

പുരോഗതിയുണ്ടായിട്ടുണ്ട്. എക്സ് എം.എല്.എ. ശ്രീ. കൃഷ്ണൻകുട്ടി ചെയർമാനായ സമിതിയുടെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതാണ്. പാവപ്പെട്ട കർഷക കുടുംബങ്ങളുടെ ഉന്നമനത്തിനുവേണ്ടിയാണ് പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ലാപ്ടോപ്പ് നൽകുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ബഡ്ജറ്റിൽ തുക നീക്കിവച്ചിരിക്കുന്ന കാര്യത്തിൽ ഒരു ജില്ലയേയും അവഗണിച്ചിട്ടില്ല. മാലിന്യ നിവാരണ പദ്ധതി, ശുദ്ധജല പദ്ധതികള്, വൻകിട മൂലധന വികസന പദ്ധതികള്, വിഴിഞ്ഞം തുറമുഖ പദ്ധതി, മോണോ റെയിൽ തുടങ്ങിയ പദ്ധതികളിലൂടെ തിരുവനന്തപുരം ജില്ലയ്ക്ക് കൂടുതൽ പരിഗണന കൊടുത്തിരിക്കുകയാണ്. തിരുവനന്തപുരം ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നികുതിപിരിവ് വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സാമ്പത്തിക മാന്ദ്യം, ഭക്ഷ്യവസ്തുക്കളുടെ നികുതി നിരക്കിൽ കുറവുവരുത്തിയത് ഇവയൊക്കെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും ഗവൺമെന്റ് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനും സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനും തുക

വകയിരുത്തിയിട്ടുണ്ട്. മൊയ്തു മൗലവി സാഹിബ് സ്മാരകത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ദീർഘകാല പദ്ധതികൾക്കാവശ്യമായ തുക നീക്കിവയ്ക്കുകയും പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്. സിഗററ്റിന്റെ നികുതി 22 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖത്തിന് എട്ട് കോടി രൂപയും ജലഗതാഗതത്തിന് 143 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ്, കൊല്ലം വികസന അതോറിറ്റി, ആലപ്പുഴ-കൊല്ലം ബൈപ്പാസുകൾ തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്. വർഷാന്ത്യ രൊക്ക ബാക്കി 714 കോടി രൂപയാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 58-നെതിരെ 71 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.14-ന് പിരിഞ്ഞു.

********************************